പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1421 **16-10-2026-ൽ മറുപടിയ്ക്ക്**

കുട്ടനാട്ടിൽ പുഞ്ചകൃഷിക്കാവശ്യമായ സൗകര്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) കുട്ടനാട്ടിൽ പുഞ്ചകൃഷിയിറക്കേണ്ട സമയത്ത് കർഷകർക്ക് എന്തെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് കൃഷിവകുപ്പ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: കുട്ടനാട്ടിലെ പുഞ്ചകൃഷി ഇറക്കുന്നതിന് മുന്നോടിയായി പഞ്ചായത്ത് തലത്തിൽ പാടശേഖരസമിതികളുടെ യോഗം വിളിച്ചു ചേർത്ത് മുന്നൊരുക്ക പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് കർഷകർക്ക് ആവശ്യമായ വിത്ത്, മറ്റ് ഉത്പാദനോപാദികൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നു.

കൃഷിവകുപ്പ് പദ്ധതികളിലും ത്രിതല പഞ്ചായത്തു പദ്ധതികളിലും (ജനകീയാസൂത്രണം) ഉൾപ്പെടുത്തി കൃഷിക്കാവശ്യമായ നെൽവിത്ത് സർക്കാർ ഫാമുകൾ , നാഷണൽ സീഡ് കോർപ്പറേഷൻ (എൻ.എസ്.സി), കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി (കെ.എസ്.എസ്.ഡി.എ.) മുതലായ സ്ഥാപനങ്ങളിൽ നിന്ന് സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാടശേഖരങ്ങളിലെ അമ്ലത്വം നിയന്ത്രിക്കുന്നതിനായി കുമ്മായ വസ്തുക്കൾ (നീറുകക്ക / ഡോളമൈറ്റ്) വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വളം, നീറുകക്ക, നിലമൊരുക്കൽ തുടങ്ങിയവയ്ക്ക് സബ്സിഡി നൽകുന്നു.

ഫ്രെയിം വർക്ക് ഫോർ ഫെർട്ടിലൈസർ സെയിൽസ് (FFS) നോഡൽ ജില്ല കൂടിയായ ആലപ്പുഴ ജില്ലയിൽ ആവശ്യാനുസരണം വളം ലഭിക്കുന്നു എന്നത് ക്രമീകരിക്കുന്നതാണ്. കൂടാതെ കർഷകർക്ക് FFS ആപ്പ് മുഖേന QR കോഡ് ജനറേറ്റ് ചെയ്യാനും, മറ്റു സാങ്കേതിക സഹായങ്ങളും യഥാസമയം ലഭിക്കുന്നുവെന്നു ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉറപ്പു വരുത്തുന്നതാണ്. വളങ്ങളുടെ ക്ഷാമം അനുഭവപ്പെടുന്ന സന്ദർഭത്തിൽ കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെൻറ് ഓഫ് ഫെർട്ടിലൈസറുമായി ബന്ധപ്പെട്ട് വളം ലഭ്യത ഉറപ്പു വരുത്തുന്നതാണ്.

കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് തല പരിശോധന നടത്തുകയും, കർഷകരിൽ നിന്ന് മണ്ണ് സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ശാസ്ത്രീയ പരിപാലന മുറകളെപ്പറ്റിയുള്ള സാങ്കേതിക ഉപദേശവും നൽകിവരുന്നു.

കാലാവസ്ഥ വ്യതിയാനം കാരണം ഉണ്ടാകുന്ന നാശനഷ്ടം മൂലം കർഷകർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് പരമാവധി കുറയ്ക്കുന്നതിന് വിള ഇൻഷുറൻസ് പദ്ധതിയിൽ കർഷകരെ ഉൾപ്പെടുത്തുന്നു. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചാൽ അപേക്ഷ സമർപ്പിക്കാനും അതുവഴി നഷ്ടപരിഹാര തുക കർഷകർക്ക് നേരിട്ട് ലഭിക്കുന്നതിന് വേണ്ടിയുള്ള ഓൺലൈൻ (AIMS - Agriculture Information Management System) പോർട്ടൽ സംവിധാനവും ഇപ്പോൾ നിലവിലുണ്ട്.

നെൽകൃഷിയ്ക്കുള്ള പമ്പിംഗ് സബ്സിഡി അതാതു സീസണിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് മുഖാന്തിരം സ്വീകരിക്കുന്നു.

പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് വിശദമായ DPR തയ്യാറാക്കി വകുപ്പിലെ വിവിധ പദ്ധതികളിലൂടെ (Rashtriya Krishi Vikas Yojana, Agriculture Infrastructure Fund, Minor Irrigation, Kerala Land Development Corporation, NABARD മുതലായവ) നടപ്പിലാക്കു ന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ വിള പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും (വളപ്രയോഗം, കീടരോഗ നിയന്ത്രണം, കൊയ്ത്ത് മുതലായവ) സമയബന്ധിതമായി ഇടപെടൽ നടത്തിവരുന്നു

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയുമായി സമയബന്ധിതമായി ഇടപെടൽ നടത്തിവരുന്നു

(ബി) പുഞ്ചകൃഷിയ്ക്ക് ആവശ്യമായ കുമ്മായം/നീറുകക്ക, വളം, വിത്ത് എന്നിവ ലഭ്യമാകാതെ കുട്ടനാട്ടിലെ കർഷകർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സാധനങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കുട്ടനാട്ടിലെ പുഞ്ചകൃഷിയുടെ ആവശ്യകതയും കൃഷിയുടെ സമയക്രമവും കണക്കിലെടുത്ത് കർഷകർക്ക് ആവശ്യമായ അളവിൽ കുമ്മായം/നീറുകക്ക ലഭ്യമാക്കുന്നതിനും വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.പുഞ്ചകൃഷിക്ക് ആവശ്യമായ കുമ്മായ വസ്തുക്കളുടെ ആവശ്യകത കൃത്യമായി വിലയിരുത്തി അവയുടെ വിതരണം കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിലൂടെ കർഷകർക്ക് സമയബന്ധിതമായി ലഭ്യത ഉറപ്പാക്കുന്നതിനും കൃഷിയുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. നെൽകൃഷി വികസന പദ്ധതി പ്രകാരം ടി ഉത്പാദനോപാധികൾക്കു അനുവദിക്കുവാൻ സാധിക്കുന്ന ധന സഹായത്തിന് കുറവ് വന്നിട്ടിട്ടുള്ളതു കൊണ്ട് ആവശ്യമായ ഉത്പാദനോപാധി കൾക്കു ഇൻഡന്റ് നൽകുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. ആയതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ ഫണ്ട് അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനം മൂലവും കരാറുകാരനെ മാറ്റേണ്ടതായി വന്നതിനാലും വിത്തിന്റെ ലഭ്യത KSSDA യിൽ താൽക്കാലികമായി ഉണ്ടായിട്ടുണ്ടെങ്കിലും ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ സഹകരണസംഘം വഴി നല്കുന്ന നീറുകക്കയും ഡൊളമൈറ്റും തീരെ നിലവാരം കുറഞ്ഞതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നേരിട്ട് വാങ്ങുന്നതിനും സബ്സിഡി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സോയിൽ ഹെൽത്ത് മാനേജ്മെന്റ് ആൻഡ് പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ/സൊസൈറ്റികൾ മറ്റ് സഹകരണ സ്ഥാപനങ്ങൾ മുഖേനയാണ് കർഷകർക്ക് നീറുകക്ക, ഡോളോമൈറ്റ് എന്നിവ വിതരണം ചെയ്യുന്നത്. പ്രസ്തുത ഉൽപ്പന്നങ്ങളുടെ ന്യൂടലൈസിങ് വാല്യൂ (നിർവീര്യകരണ മൂല്യം) പരിശോധിച്ച് ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന നീറുകക്ക, ഡോളോമൈറ്റ് എന്നിവയ്ക്ക് മാത്രമാണ് പദ്ധതി പ്രകാരമുള്ള

സബ്സിഡി അനുവദിച്ചു നൽകുന്നത്. കർഷകർക്ക് വിതരണം ചെയ്യുന്ന കുമ്മായ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾക്ക് വിധേയമായാണ് സബ്സിഡി അനുവദിക്കുന്നത്. നിലവിലുള്ള പദ്ധതി മാർഗ നിർദേശങ്ങൾക്കനുസൃതമായി ഗുണ നിലവാരമുള്ള നീറുകക്ക, ഡോളോമൈറ്റ് എന്നിവ കർഷകർക്ക് ലഭ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക് നേരിട്ട് വാങ്ങുന്നതിനും സബ്സിഡി അനുവദിക്കുന്നതിനുമുള്ള സാധ്യത നിലവിലുള്ള പദ്ധതി വ്യവസ്ഥകൾക്കനുസൃതമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ